നം.സി/2500/2023/കെ.എസ്.എസ്.റ്റി.എം 05/02/2026

**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം**
**മേഖലാ ശാസ്ത്ര കേന്ദ്രം, പോട്ട, ഇലഞ്ഞിപ്ര റോഡ്, ചാലക്കുടി, തൃശ്ശൂർ-680 722**
**പൊതു വില്പന ലേല പരസ്യം**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം ഡയറക്ടർ പ്രസിദ്ധീകരിക്കുന്നത്.

മേഖലാ ശാസ്ത്ര കേന്ദ്രം ചാലക്കുടിയിൽ ശക്തമായ കാറ്റിലും മഴയത്തും കടപുഴകി വീണ പാഴ് മരങ്ങൾ തടിക്കഷണങ്ങളായി കൂട്ടിയിട്ടിരിക്കുന്നത് ഒരു പൊതു ലേലത്തിലൂടെ (വിറക് വിലയ്ക്ക്) വിൽക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തടിക്കഷണങ്ങൾ ഓഫീസ് പ്രവർത്തന സമയത്ത് (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ) നേരിട്ട് പരിശോധിക്കാവുന്നതാണ്. 2026 ഫെബ്രുവരി 11-ന് (11.02.2026) രാവിലെ 11.30 മണിക്ക് ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്ര കാമ്പസിൽ വച്ച് പൊതുലേലം പ്രകാരം നൽകുന്നതാണ്. മേൽ തടിക്കഷണങ്ങളുടെ മതിപ്പ് വില: 19,811/-രൂപ.

**പൊതുലേല നിബന്ധനകൾ**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം (11.02.2026) രാവിലെ 11.30 മണിക്ക് മുൻപായി ലേലം കൊള്ളാൻ ഉദ്ദേശിക്കുന്ന തുക മുദ്രവച്ച കവറിൽ ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ ഓഫീസിൽ നിർദ്ദിഷ്ട ഉദ്യോഗസ്ഥന്റെ പക്കൽ സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം നിരതദ്രവ്യമായ 2,000/- (രണ്ടായിരം രൂപ മാത്രം) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഉള്ളടക്കം ചെയ്യേണ്ടതാണ്. (ഇതിനു പകരം നിരതദ്രവ്യം പണമായി ഒടുക്കി രസീത് സമർപ്പിക്കാവുന്നതുമാണ്). മുദ്രവച്ച കവറിനു പുറത്ത് "തടിക്കഷണങ്ങളുടെ ലേല വാഗ്ദാനം സംബന്ധിച്ച് "എന്നെഴുതിയിട്ടുള്ള കവറിൽ സീൽ ചെയ്ത് സമർപ്പിക്കേണ്ടതാണ്. ലേലം അന്നേ ദിവസം 11.30 മണിക്ക് ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രം ഓഫീസ് പരിസരത്ത് ആരംഭിക്കും. ലേലത്തിൽ പങ്കെടുക്കുവാൻ 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. ലേലം പൂർത്തിയായാലുടൻ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ മുദ്രവച്ച കവറുകൾ തുറന്ന് പരിശോധിക്കുന്നതാണ്. തുടർന്ന് മുദ്രവച്ച കവറിലോ, ലേലത്തിലോ ഏതാണ് കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അധികാരികളുടെ

അംഗീകാരത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതും, അന്നേ ദിവസം തന്നെ ലേല തുകയുടെ മൂന്നിലൊന്ന് (1/3) ഭാഗം ഒടുക്കി രസീത് വാങ്ങേണ്ടതുമാണ്.

ലേലം അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ചാൽ 4(നാല്) ദിവസത്തിനകം രണ്ടാമത്തെ ഗഡു മൂന്നിൽ രണ്ട് (2/3) തുകയും ഒടുക്കി രസീത് വാങ്ങേണ്ടതാണ്. ടി കരാറുകാരന്റെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റായി മാറ്റുന്നതും തടികൾ പൂർണ്ണമായും നീക്കം ചെയ്ത് കഴിയുമ്പോൾ മടക്കി നൽകുന്നതുമാണ്. ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേല നടപടികൾ പൂർത്തിയായലുടൻ മടക്കി നൽകുന്നതാണ്. സർക്കാരിന്റെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കും. പ്രത്യേകമായ കാരണം കാണിക്കാതെ ലേല നടപടികൾ മാറ്റിവെയ്ക്കാനുള്ള അവകാശം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, ഡയറക്ടർ, തിരുവനന്തപുരത്തിനു നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക –ഫോൺ 0471 2306024, 2306025, 9447285339

Kerala State Science & Technology Museum
Trivandrum
695033

for ഡയറക്ടർ

## സമ്മതപത്രം

ലേല നിബന്ധനകൾ വായിച്ചു നോക്കി ബോദ്ധ്യപ്പെട്ട്, ടി നിബന്ധനകൾ അനുസരിച്ചു ലേലത്തിൽ പങ്കുകൊള്ളാനും, വിജയിയാകുന്ന പക്ഷം തുക പൂർണ്ണമായും ഒടുക്കി അഞ്ചു ദിവസത്തിനകം തടിക്കഷ്ണങ്ങൾ കാമ്പസിൽ നിന്നും നീക്കം ചെയ്തുകൊള്ളാമെന്നും അല്ലാത്ത പക്ഷം നിരതദ്രവ്യം സർക്കാരിലേയ്ക്ക് വസൂലാക്കുന്നതിന് സമ്മതമാണെന്നും അറിയിച്ചു കൊള്ളുന്നു.

പേര്:

മേൽ വിലാസം:

ഒപ്പ്:

തീയതി:
ചാലക്കുടി

Kerala State Science & Technology Museum
Trivandrum
695033